# കേരളസർവകലാശാല

നം.പി.ആർ.251/2021

## പത്രക്കുറിപ്പ്

### പി.ജി. ഡിപ്ലോമ ഇൻ ഫിലോസഫിക്കൽ കൗൺസിലിംഗ് - അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ ഫിലോസഫി പഠനഗവേഷണവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സെന്റർ ഫോർ ഫിലോസഫിക്കൽ കൗൺസിലിംഗ് ആന്റ് റിസർച്ച് നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ ഫിലോസഫിക്കൽ കൗൺസിലിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി: 1 വർഷം, ഫീസ്: 20,000 രൂപ. യോഗ്യത: 50% മാർക്കോടെ അംഗീകൃത സർവകലാശാല ബിരുദം. (ഫിലോസഫി, സൈക്കോളജി, സോഷ്യോളജി, സയൻസ് വിഷയങ്ങളിൽ ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം.) സീറ്റുകളുടെ എണ്ണം: 30. അപേക്ഷാഫോമിന്റെ വില: 100 രൂപ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 30. അപേക്ഷാഫോം www.cpcruok.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷാഫോം കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിലുള്ള ഫിലോസഫി പഠനഗവേഷണവകുപ്പിന്റെ ഓഫീസിൽ നിന്നും നേരിട്ടും ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: 9447586802 (ഡയറക്ടർ സി.പി.സി.ആർ), 9447903108 (കോഴ്സ് കോഡിനേറ്റർ)

### കാഷ്വൽ ലേബർ – പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയിൽ ദിവസവേതന അടിസ്ഥാനത്തിൽ കാഷ്വൽ ലേബറർമാരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനായി 2020 ഡിസംബർ 22 ലെ വിജ്ഞാപനം അനുസരിച്ച് ലഭിച്ച അപേക്ഷകരെ ഉൾപ്പെടുത്തിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിജ്ഞാനപനപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാത്ത അപേക്ഷകരെ വെരിഫിക്കേഷൻ സമയത്ത് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതായിരിക്കും. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരുടെ വിവരങ്ങൾ കേരളസർവകലാശാലയുടെ വെബ്പോർട്ടലിൽ (https://recruit.keralauniversity.ac.in/) നിന്നും, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.

തിരുവനന്തപുരം,
03.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

E-mail: For exam related queriesexamhelpdesk1@keralauniversity,examhelpdesk2@keralauniversity
website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675